# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

13.02.2013 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 182

## സഹകരണ മേഖല നേരിടുന്ന പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ<br>ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സഹകരണ മേഖല നേരിടുന്ന പ്രതിസന്ധികൾ അതിജീവിക്കേണ്ടത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; | (എ) പരിശോധിച്ചിട്ടുണ്ട്. |
| (ബി) സഹകരണമേഖലയ്ക്ക് പ്രതികൂലമായിട്ടുള്ള കേന്ദ്ര സർക്കാർ സമീപനങ്ങൾ തിരുത്തിക്കുന്നതിന് നടത്തിയ ശ്രമങ്ങൾ വിശദമാക്കാമോ; | (ബി) സംസ്ഥാനത്തെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന നയങ്ങൾ ദേശീയതലത്തിൽ രൂപപ്പെടുകയാണെങ്കിൽ അവ സംസ്ഥാന സഹകരണ മേഖലയെ ബാധിക്കാതിരിക്കുന്നതിനുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും കാലാകാലങ്ങളിൽ ഉണ്ടാകാറുണ്ട്. മാത്രമല്ല സംസ്ഥാനത്തെ സഹകരണ മേഖലയുടെ വികസനത്തിന് ഉതകുന്ന സമീപനങ്ങൾക്കായി കേന്ദ്രത്തിലെ ബന്ധപ്പെട്ടവർക്ക് ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാൻ സംസ്ഥാനത്തിലെ എല്ലാ കേന്ദ്ര മന്ത്രിമാർക്കും എം.പി മാർക്കും സഹകരണ വകുപ്പ് മന്ത്രി എന്ന നിലയിൽ കത്ത് നൽകിയിട്ടുണ്ട്. കൂടാതെ ഈ മേഖലയെ സംബന്ധിച്ച വിഷയങ്ങളുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയും കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയുമായി ചർച്ച് നടത്തിയിട്ടുണ്ട്. |

(സി) സംസ്ഥാനങ്ങളുടെ വിഷയമായ സഹകരണ മേഖലയിൽ ഭരണഘടനാ ഭേദഗതിയിലൂടെ കേന്ദ്രം നേരിട്ട് ഇടപെട്ടിരിക്കുന്നത്, സംസ്ഥാനത്തെ സഹകരണമേഖലയിൽ ഉണ്ടാക്കുന്ന ആഘാതം എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ?

(സി) 97-ാം ഭരണ ഘടനാ (ഭേദഗതി) നിയമം 2011 ഭേദഗതിയിലൂടെ ത്രിതല പഞ്ചായത്ത് സംവിധാനത്തോടൊപ്പം സഹകരണ മേഖലയെയും ഭരണ ഘടനയിൽ ഉൾപ്പെടുത്തുകവഴി ഈ മേഖലയെ അംഗീകരിക്കുകയാണ് ചെയ്തിരിക്കുന്നത്. ടി ഭേദഗതിമൂലം സംസ്ഥാനങ്ങളുടെ അധികാരങ്ങളൊന്നും ഹനിക്കപ്പെട്ടിട്ടില്ല. മറിച്ച് സഹകരണ മേഖലയ്ക്ക് ഭരണ ഘടനാ പരിരക്ഷ ലഭിക്കുകയും അംഗങ്ങളെ കൂടുതൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ പങ്കാളികളാക്കുന്നതിനും സംഘങ്ങളിൽ ക്രമമായി പൊതുയോഗം കൂടുന്നതിനും ആഡിറ്റ് കാലാനുസൃതമാക്കുന്നതിലൂടെയും സഹകരണ സംഘങ്ങൾക്ക് കൂടുതൽ കാര്യക്ഷമമായും സ്വതന്ത്രമായും പ്രവർത്തിക്കാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ